**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

നെടുങ്കണ്ടം ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 2000 ചതുരശ്ര അടിയോളം വലുപ്പമുള്ള കെട്ടിടത്തിൽ സർവകലാശാലയുടെ സാറ്റലൈറ്റ് സെന്ററും Directorate for Applied Short Term Programmes (DASP) പ്രോഗ്രാമുകളും ആരംഭിക്കുന്നത് സംബന്ധിച്ച് - സിൻഡിക്കേറ്റ് തീരുമാനം- ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പ്ലാനിംഗ് & ഡവലപ്മെന്റ് 1**

നമ്പർ. 1315/P&D 1/2020/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 06.03.2020

---

*പരാമർശം:*-1. സർവകലാശാല ഉത്തരവ് നം. 5115/പി&ഡി 1/2019/എം ജി യു, തീയതി 23.10.2019

2. സർവകലാശാല ഉത്തരവ് നം. 204/പി &ഡി 1/2020 /എം ജി യു , തീയതി 15.01.2020

3. നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 10.12.2019 തീയതിയിലെ കത്ത് നം. ബി 6-8035/19

4. 15.02.2020-ന് ചേർന്ന സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ: 190/20.01/DDFS39709/2019

**<u>ഉത്തരവ്</u>**

എറണാകുളം, പത്തനംതിട്ട, ഇടുക്കി എന്നീ ജില്ലകളിൽ ഡയറക്ടറേറ്റ് ഫോർ ഷോർട്ട് ടേം പ്രോഗ്രാംസിന്റെ പ്രാദേശിക കേന്ദ്രങ്ങൾ ആരംഭിക്കുന്ന വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിന്റിക്കേറ്റിന്റെ പരീക്ഷകൾക്കായുള്ള ഉപസമിതി കൺവീനർ, അഫിലിയേഷനായുള്ള ഉപസമിതി കൺവീനർ എന്നിവരെ ചുമതലപ്പെടുത്തി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടി സമിതി എറണാകുളം ഇടപ്പള്ളി സ്റ്റാസ്, പത്തനംതിട്ട സ്റ്റാസ്, ഇടുക്കി നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് കെട്ടിടം എന്നിവ സന്ദർശിക്കുകയും നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 2000 ചതുരശ്ര അടിയോളം വലുപ്പമുള്ള കെട്ടിടം സർവകലാശാലയുടെ സാറ്റലൈറ്റ് സെന്ററിനും DASP-യുടെ പ്രാദേശിക കേന്ദ്രത്തിനും അനുയോജ്യമാണെന്ന് റിപ്പോർട്ട് നൽകുകയും ടി റിപ്പോർട്ട് പരാമർശം (2) പ്രകാരം അംഗീകരിക്കുകയും ചെയ്തിരുന്നു.

ടി ഉത്തരവിൻറെ അടിസ്ഥാനത്തിൽ ഇടുക്കി നെടുങ്കണ്ടം ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം സർവകലാശാലയുടെ സാറ്റലൈറ്റ് സെന്ററായി പ്രവർത്തിക്കുവാൻ വിട്ടുനല്കണമെന്ന സർവ്വകലാശാല അവശ്യപ്പെടുകയും, ഇതിൻ പ്രകാരം ടി കെട്ടിടം വിട്ടു നൽകുന്നതിന് 9.12.2019 ൽ ചേർന്ന പഞ്ചായത്ത് ഭരണ സമിതി തീരുമാനിക്കുകയും തുടർ നടപടികൾക്കായി കരട് എഗ്രിമെന്റിന്റെ പകർപ്പ് നൽകുവാൻ അവശ്യപ്പെടുകയും

Draft #5 of File 39709/P&D1/1/2019 Approved by DEPUTY REGISTRAR (P & D) on 06-Mar-2020 01:24 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #5 of File 39709/P&D1/1/2019 Approved by DEPUTY REGISTRAR (P & D) on 06-Mar-2020 01:24 PM - Page 2

ചെയ്തു. നെടുങ്കണ്ടം ഗ്രാമ പഞ്ചായത്തുമായി ഏർപ്പെടേണ്ട എഗ്രിമെന്റ് ലീഗൽ അഡ്വൈസർ പരിശോധിക്കുകയും താഴെ പറയുന്ന നിയമോപദേശം നൽകുകയും ചെയ്തു.

" I am of opinion that the agreement of lease is not legally binding if it is given free of rent. To make the agreement legally sustainable it is necessary to provide for payment of nominal rent yearly and since the period of lease exceeds one year it is compulsorily registrable."

ടി നിയമോപദേശത്തിൻറെ അടിസ്ഥാനത്തിൽ വാടക കരാറിൽ ഒപ്പ് വയ്ക്കുന്നതിനു സിന്റിക്കേറ്റിന്റെ അനുമതി തേടുവാൻ വൈസ് ചാൻസലർ 23/01/2020-ന് ഉത്തരവായിരുന്നു.

ടി വിഷയം പരിശോധിച്ച 15.02.2020- ന് ചേർന്ന സിൻഡിക്കേറ്റ് യോഗം പരാമർശം (4) പ്രകാരം താഴെപറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

1. നെടുങ്കണ്ടം ഗ്രാമ പഞ്ചായത്തുമായി ടി കെട്ടിടത്തിന്റെ എഗ്രിമെന്റിൽ വാടക ഉൾപ്പെടുത്തുവാനും ഒരു വർഷത്തിൽ കൂടുതൽ കെട്ടിടം വിട്ടുതരുകയാണെങ്കിൽ എഗ്രിമെന്റ് രജിസ്ട്രേഷൻ നടത്തുവാനും തീരുമാനിച്ചു.

2.നെടുങ്കണ്ടത്ത് ആരംഭിക്കുന്ന സർവകലാശാല സാറ്റലൈറ്റ് സെൻറർ സർവകലാശാല അറിയിപ്പുകൾ, വിവരങ്ങൾ എന്നിവ നൽകുന്ന ഇൻഫർമേഷൻ സെൻറർ കൂടിയായി പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് രജിസ്ട്രാറെ ചുമതലപ്പെടുത്തി.

3.നെടുങ്കണ്ടം സാറ്റലൈറ്റ് സെൻറർ ഫെസിലിറ്റേഷൻ സെൻറർ എന്ന നിലയിൽ പ്രവർത്തിച്ച് വിദ്യാർത്ഥികൾക്ക് അവശ്യമായ നിർദ്ദേശങ്ങൾ നൽകി, ഓൺലൈനായി ഫീസടയ്ക്കുന്നതിനും അപേക്ഷകൾ നൽകുന്നതിനുമാവശ്യമായ ഫെസിലിറ്റേഷൻ (കമ്പ്യൂട്ടർ അടക്കമുള്ള അനുബന്ധ സൗകര്യങ്ങൾ) സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് രജിസ്ട്രാറെ ചുമതലപ്പെടുത്തി.

4.പരീക്ഷ,അക്കാദമിക സംബന്ധമായ എല്ലാ അപേക്ഷകളും സാറ്റലൈറ്റ് സെൻററിൽ സ്വീകരിക്കുന്നതിനും പ്രസ്തുത അപേക്ഷകൾ സെൻററിലെ ജീവനക്കാർ പരിശോധിച്ച് ഉറപ്പാക്കി ഡി.ഡി.എഫ്.എസ്. ഫയൽ സംവിധാനം വഴി സർവകലാശാലയിൽ ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിച്ച് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പരീക്ഷാ കൺട്രോളറെ ചുമതലപ്പെടുത്തി. ഇതിനാവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് രജിസ്ട്രാറെ ചുമതലപ്പെടുത്തി.

5.മറ്റ് സെൻററുകളുടെ പ്രവർത്തനം വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രൊഫ. ടോമിച്ചൻ ജോസഫ് , പ്രൊഫ. പ്രവീൺ കുമാർ വി. എസ്. എന്നിവരടങ്ങുന്ന ഒരു സമിതിയെ ചുമതലപ്പെടുത്തി.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദിലീപ് കുമാർ ആർ

ഡപ്യൂട്ടി രജിസ്ട്രാർ (പി & ഡി)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. സിൻഡിക്കേറ്റിൻറെ അഫിലിയേഷൻ ഉപസമിതി കൺവീനർ
2. സിൻഡിക്കേറ്റിൻറെ പരീക്ഷ ഉപസമിതി കൺവീനർ
3. ഡയറക്ടർ, DASP
4. പ്രൊഫ. വി. എസ്. പ്രവീൺകുമാർ
5. വി.സി., പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
6. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സണൽ അസിസ്റ്റൻറുമാർ
7. എസി.സി 1 സെക്ഷൻ
8. കെ.എസ്.എ.ഡി / സി.എം.എസ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #5 of File 39709/P&D1/1/2019 Approved by DEPUTY REGISTRAR (P & D) on 06-Mar-2020 01:24 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം